പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

20.06.2018 ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3565

## സാമൂഹിക ആരോഗ്യ കേന്ദ്രങ്ങൾ

| ചോദ്യം<br><br>ശ്രീ.സി.എഫ്.തോമസ് | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ആകെ എത്ര സാമൂഹിക ആരോഗ്യ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് ആരോഗ്യ വകുപ്പ ഡയറക്ടറേറ്റിനു കീഴിൽ 226 സാമൂഹ്യാരോഗ്യ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | ഈ കേന്ദ്രങ്ങളിൽ ഡോക്ടർമാർ ഉൾപ്പെടെയുള്ള സ്റ്റാഫിന്റെ കുറവ് മൂലം ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ദേശീയ പാറ്റേൺ അനുസരിച്ചുള്ള ജീവനക്കാരുടെ തസ്തികകൾ സംസ്ഥാനത്തെ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ സൃഷ്ടിക്കപ്പെട്ടിട്ടില്ല. നിലവിൽ ദ്വിതീയതല ആശുപത്രിയായി പ്രവർത്തിക്കുന്നത് താലൂക്കാശുപത്രികളാണ്. സർക്കാർ ആവിഷ്കരിച്ചിട്ടുള്ള ആർദ്രം പദ്ധതിയിൽ നിലവിൽ സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ ഉൾപ്പെട്ടിട്ടില്ല. ബ്ലോക്ക്തല സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ ആർദ്രം പദ്ധതികളുടെ ഭാഗമായി ശക്തിപ്പെടുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഇത് സംബന്ധിച്ച പ്രാരംഭ നടപടികൾ പുരോഗമിച്ചു വരുന്നു. |
| (സി) | ഈ ഒഴിവുകൾ നികത്തുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (സി) | സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ നിലവിലുള്ള ഡോക്ടർമാരുടെ ഒഴിവുകൾ പി.എസ്.സി.യിൽ നിന്നും നിയമന ശുപാർശ ലഭിക്കുന്ന മുറയ്ക്കും ഡോക്ടർമാർ പി.ജി.കോഴ്സ് കഴിഞ്ഞ് തിരികെ ജോലിയിൽ പ്രവേശിക്കുന്ന മുറയ്ക്കും നികത്തി വരുന്നു. |
| (ഡി) | ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്ന ആശുപത്രികളാക്കി ഈ കേന്ദ്രങ്ങളെ മാറ്റുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) | ബ്ലോക്ക്തല സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തപ്പെടുമ്പോൾ ഇവയെ 24 മണിക്കൂറും പ്രവർത്തിക്കുന്ന കേന്ദ്രങ്ങളാക്കി മാറ്റുന്ന കാര്യം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ